**യം ബ്രഹ്മാ വരുണേന്ദ്രരുദ്രമരുത: സ്തുന്വന്തി ദിവ്യൈ: സ്തവൈർ**
**വ്വേദൈ: സാംഗപദക്രമോപനിഷദൈർഗായന്തി യംസാമഗാ:**
**ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി യം യോഗിനോ**
**യസ്യാന്തം നവിദു: സുരാസുരഗണാ ദേവായ തസ്മൈ നമ: (12-13-1)**
**പൃഷ്ഠേ ഭ്രാമ്യദമന്ദമന്ദരഗിരിഗ്രാവാഗ്രകണ്ഡൂയനാ -**
**ന്നിദ്രോലോ: കമഠാകൃതേർഭഗവത: ശ്വാസാനിലാ: പാന്തുവ:**
**യത്സംസ്കാരകലാനുവർത്തനവശാദ്വേലാനിഭേനാംഭസാം**
**യാതായാതമതന്ദ്രിതം ജലനിധേർന്നാദ്യാപി വിശ്രാമ്യതി (12-13-2)**
**നാമസങ്കീർത്തനം യസ്യ സർവ്വപാപപ്രണാശനം**
**പ്രണാമോ ദു:ഖശമനസ്തം നമാമി ഹരിം പരം (12-13-23)**

*സൂതൻ തുടർന്നു:*
വരുണൻ, ഇന്ദ്രൻ, രുദ്രൻ, വായുദേവൻ തുടങ്ങിയവരെല്ലാം ദിവ്യസങ്കീർത്തനങ്ങളാൽ വാഴ്ത്തുന്ന ഭഗവാന് നമസ്ക്കാരം. സങ്കീർത്തനകർത്താക്കൾ വേദങ്ങളായി വാഴ്ത്തുന്നതും, നിതാന്തധ്യാനത്താൽ ഹൃദയം ഭഗവാനിലുറച്ച യോഗിവര്യൻമാർ സങ്കൽപ്പിക്കുന്നതും, എന്നാൽ ദേവൻമാർക്കും അസുരൻമാർക്കുമൊന്നും അളക്കാനാവാത്തതുമായ ആ ഭഗവാനായിക്കൊണ്ട് നമസ്ക്കാരം. ദിവ്യനായ ആമയുടെ രൂപത്തിലവതരിച്ച് പുറത്തുള്ള മന്ദരപർവ്വതത്താൽ ഉരസപ്പെട്ടതു കൊണ്ട് ഉറക്കംതൂങ്ങി മൃദുവായി ശ്വാസോഛ്വാസം നടത്തിയ ഭഗവാൻെറ ശ്വാസോഛ്വാസം നിങ്ങൾക്ക് സംരക്ഷയേകട്ടെ. അവയെത്ര മഹത്തരം! അവയാണല്ലോ സമുദ്രങ്ങളിൽ അലയുണ്ടാക്കുന്നത്. തിരമാലകൾ ഇന്നും സമുദ്രങ്ങളിൽ അലയടിച്ചു കൊണ്ടേയിരിക്കുന്നു.

ആകെ പതിനെട്ടുപുരാണങ്ങളുണ്ടെന്ന് നിങ്ങൾ കേട്ടു. അവയെല്ലാം ചേർന്ന് നാനൂറായിരം ഈരടികളുണ്ട്. അതിൽ ഭാഗവതപുരാണത്തിൽ മാത്രം പതിനെണ്ണായിരം ഈരടികളാണുള്ളത്.

ഭാഗവതപുരാണം ഭഗവാൻ സ്വയം ബ്രഹ്മാവിനു പറഞ്ഞു കൊടുത്തു. അതുകൊണ്ട് ഇതിന് ഭാഗവതം എന്നു പേരു വന്നു - ഭഗവാനെക്കുറിച്ചുള്ള പുസ്തകം. മാത്രമല്ല, ഈ പുസ്തകം മുഴുവനും ഭഗവാനെക്കുറിച്ചും അവിടുത്തെ മഹിമകളെക്കുറിച്ചുമാണ്. ഉപനിഷത്തുക്കളുടെ സാരസത്ത ഇതിലുണ്ട്. ഇതിലെ പ്രതിപാദവിഷയം അനന്തമജ്ഞാതമവർണ്ണനീയമായ ബ്രഹ്മമത്രെ. ആരൊരുവൻ ഈ ഗ്രന്ഥത്തിൻെറ ഒരു പ്രതി ഭാദ്രപദമാസത്തിലെ പൗർണ്ണമിയിൽ മറ്റുള്ളവർക്ക് നൽകുന്നുവോ, അയാൾ പരമലക്ഷ്യത്തിലെത്തിച്ചേരുന്നു. മറ്റുപുരാണങ്ങൾക്ക് തിളക്കമുണ്ടാവുന്നത് ഭാഗവതം കേൾക്കുംവരെ മാത്രമേയുള്ളു. ഗംഗയാണല്ലോ നദികളിൽ ഉത്തമം. ഭഗവാൻ വിഷ്ണുവാണ് ഭഗവദവതാരങ്ങളിൽ അഗ്രഗണ്യം. പരമശിവനാണ് ഭഗവൽഭക്തരിലത്യുത്തമൻ. ഭാഗവതമാണ് പുരാണങ്ങളിൽ അതിശ്രേഷ്ഠം. ഇത് വിഷ്ണുഭക്തർക്കും, താപസൻമാരിൽ ഏറ്റവും ഉയർന്നവർക്കും പ്രിയമത്രെ. ആരൊരുവൻ ഇത് വായിക്കുന്നുവോ, കേൾക്കുന്നുവോ, ധ്യാനിക്കുന്നുവോ, അയാൾ മോക്ഷപദം പ്രാപിക്കും. ഭഗവാൻ കൃഷ്ണനു നമസ്ക്കാരം. ശ്രീവ്യാസനു നമസ്ക്കാരം. ശുകമുനിക്കും പരീക്ഷിത്ത് രാജാവിനും നമസ്ക്കാരം. ഭഗവാൻ ഹരിക്ക് നമോവാകം. ആരുടെ നാമജപം ഒരുവൻെറ പാപങ്ങളും ദു:ഖങ്ങളും അകറ്റുന്നുവോ, ആ ഭഗവാനായ ശ്രീഹരിക്ക് നമസ്ക്കാരം.

**ഓം നമോ നാരായണായ**
**ഓം നമോ ഭഗവതേ വാസുദേവായ**
**ഓം തത് സത്.**
**ഹരിശ്രീ ഗണപതയേ നമ:**
**അവിഘ്നമസ്തു.**
**ഓം നമ: ശിവായ.**
ॐ